പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1174

11.07.2011-ൽ മറുപടിക്ക്

## കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.വിൻസെന്റ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) കാർഷിക സർവ്വകലാശാലയ്ക്ക് ഈ സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുവാനാവശ്യമായ തുക എത്രയെന്നും ഈ തുക അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ; | ബി) 31/03/2011 വരെ കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ബാദ്ധ്യത ഏകദേശം 190 കോടി രൂപയാണ് ഈ തുക ഒറ്റ തവണ ഗ്രാന്റായി അനുവദിക്കണമെന്നുള്ള സർവ്വകലാശാലയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| സി) കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ബാദ്ധ്യതയുടെ കാരണം വിശദമാക്കുമോ? | സി) 2001 - 2002 സാമ്പത്തിക വർഷം മുതൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചു വരുന്ന തുക ഉപയോഗിച്ച് ഓരോ വർഷവും പ്രഖ്യാപിക്കുന്ന രണ്ടു ഗഡു ക്ഷാമബത്ത വർദ്ധനവിനോ, കാലാകാലങ്ങളിൽ അനുവദിക്കുന്ന ശമ്പള വർദ്ധനവിനോ, യു.ജി.സി. വർദ്ധനവിനോ, ജീവനക്കാരുടെ പി.എഫ്.ലേക്ക് തുക അടക്കുന്നതിനോ കാലാകാലങ്ങളിലെ പെൻഷൻ ബാദ്ധ്യതകൾ തീർക്കുന്നതിനോ സാധിച്ചിട്ടില്ല. ഇതു കൂടാതെ ശമ്പളം, പെൻഷൻ (മാസ) എന്നീ ഇനത്തിൽ തുക തികയാതെ |

വന്നതിനാൽ മറ്റു ബാഹ്യ പദ്ധതി, പ്ലാൻ പദ്ധതി എന്നിവയിൽ നിന്നും ഈ ഇനത്തിൽ തുക ഉപയോഗിക്കേണ്ട സാഹചര്യം സർവ്വകലാശാലയ്ക്ക് ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാണ് യൂണിവേഴ്സിറ്റിക്ക് ഇത്രയും ബാദ്ധ്യത വരാൻ കാരണം.



സെക്ഷൻ ഓഫീസർ